ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/09/2019

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2017-19

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ(സ്റ്റോക്ക് ഉള്ളത്)

1. ഗത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs.40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs.10.00
5. സത്യാർത്ഥ പ്രകാശം എന്ത്? എന്തിന്? - കെ.എം.രാജൻ - Rs.10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs.20.00
7. വേദാന്തിധ്വാന്ത നിവാരണം - Rs.25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ
8. പുനാ പ്രവചനം (ഉപദേശമഞ്ജരി) - Rs.200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. ആര്യോദ്ദേശ്യ രത്നമാല - Rs.25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
10. സംശയനിവാരിണി - Rs.200.00
    ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
11. വേദ പ്രകാശം പാഠാവലി -കെ.എം.രാജൻ - Rs.40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) - Rs.60.00
    കെ.എം.രാജൻ
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs.35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs.30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - - Rs.40.00
    കെ.എം.രാജൻ
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs.35.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - Rs.60.00
    കെ.എം.രാജൻ
    (പോസ്റ്റേജ് ചെലവ് പുറമെ)

### അച്ചടിയിലുള്ളവ

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി
   തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്
   തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ
   തർജ്ജമ: കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ
6. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 7907077891, 9562529095*



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക–ദാർശനിക മാസിക**
**DAYANANDA SANDESAM**




ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 8 ലക്കം 03

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : നഭസ്യ – ഈശ
ചാന്ദ്രമാസം : ഭാദ്രപദം – ആശ്വിനം കൊല്ലവർഷം 1195 കന്നി – തുലാം 2019 സെപ്തംബർ

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-



## ശ്രീനാരായണ ഗുരുദേവൻ (1856–1928)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| സെപ്തംബർ 11 | : | തിരുവോണം |
| സെപ്തംബർ 13 | : | ശ്രീനാരായണഗുരു ജയന്തി |
| സെപ്തംബർ 21 | : | ശ്രീനാരായണഗുരു സമാധി |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

മണ്ഡലം 1

സൂക്തം 9



**മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ**
**ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ**

**അസ്മേ ധേഹി ശ്രവോ ബൃഹദ് ദ്യുമ്നം സഹസ്രസാതമം|**
**ഇന്ദ്ര താ രഥിനീരിഷഃ|| (ഋഗ്വേദം 1.9.8)**

**പദാർത്ഥം :** അല്ലയോ (ഇന്ദ്ര) അത്യന്തം ബലയുക്തനായ ഈശ്വരാ! അങ്ങ് (അസ്മേ) ഞങ്ങൾക്കായി (സഹസ്രസാതമം) അസംഖ്യം സുഖങ്ങളുടെ മൂലവും (ബൃഹത്) നിത്യവും അഭിവൃദ്ധി പ്രാപിക്കുന്നതിനു യോഗ്യവും (ദ്യുമ്നം) പ്രകാശമയ ജ്ഞാനവും (അവഃ) പൂർവ്വോക്ത ധനവും (രഥിനീരിഷഃ) അനേകം രഥം തുടങ്ങിയ സാധനസഹിതമുള്ള സേനകളെ (ധേഹി) നല്ല പ്രകാരത്തിൽ നൽകിയാലും.

**ഭാവാർത്ഥം:** അല്ലയോ ജഗദീശ്വരാ! അങ്ങ് കൃപ ചെയ്ത് ഏതൊന്നാണോ അത്യന്ത പുരുഷാർത്ഥത്തോടൊപ്പം ഏതൊരു ധനമാണോ വളരെയധികം സുഖങ്ങൾ ഉണ്ടാക്കുന്ന സേനകളെ നേടിത്തരുന്നത് അതിനെ ഞങ്ങൾക്ക് നിത്യവും നൽകിയാലും.

**(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്.**
**തർജ്ജമ : കെ.എം.രാജൻ)**

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷിക വരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

**OUR BANK DETAILS**

**Account Name: DAYANANDA SANDESAM, SB A/C No: 4264000100072426**
**PUNJAB NATIONAL BANK, CHERPALCHERY BRANCH, IFSC CODE: PUNB0426400**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## അന്നദാനം മഹാദാനം

**പ്രിയ വേദബന്ധു,**

**നമസ്തേ,**



**ആ**ര്യസമാജത്തിന്റെ നേതൃത്വത്തിൽ സാംഗോപാംഗം വേദപഠനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു ധർമ്മ സ്ഥാപനമാണ് കാറൽമണ്ണ വേദഗുരുകുലം. ഇവിടെ വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ ജിജ്ഞാസുക്കളും യോഗ്യരുമായ വിദ്യാർത്ഥികൾക്ക് ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്, ജ്യോതിഷം തുടങ്ങിയ വേദാംഗങ്ങൾ, ഉപവേദങ്ങൾ, ദർശനങ്ങൾ, ഉപനിഷത്തുകൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഇതിഹാസങ്ങൾ, മഹർഷി ദയാനന്ദ സരസ്വതിയുടെ ഗ്രന്ഥങ്ങൾ എന്നിവയ്ക്കു പുറമെ ബിരുദ-ബിരുദാനന്തരതലം വരെയുള്ള ആധുനിക വിദ്യാഭ്യാസവും നൽകുന്നു. താമസവും ഭക്ഷണവും പഠനവുമെല്ലാം സൗജന്യമാണ്. വൈദിക ധർമ്മത്തെ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും കഴിവും ധർമ്മബോധവുമുള്ള പുതിയ ഒരു തലമുറയെ വാർത്തെടുക്കുകയാണ് ഈ സ്ഥാപനത്തിന്റെ മുഖ്യ ലക്ഷ്യം. ഒരു ഗോശാലയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ധർമ്മ ബോധമുള്ള സജ്ജനങ്ങളുടെ സഹായസഹകരണങ്ങളാലാണ് ഗുരുകുലത്തിലെ ദൈനംദിന ചെലവുകൾ നടന്നു പോരുന്നത്. നമ്മുടെ വീടുകളിൽ നടക്കുന്ന വിവാഹം, പിറന്നാൾ, ചോറൂൺ, ഗൃഹപ്രവേശം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയ വിശേഷാവസരങ്ങളിൽ ഗുരുകുലത്തിൽ അന്നദാനവും വിശേഷ യജ്ഞവും നടത്താവുന്നതാണ്. 'ശതഹസ്ത സമാഹര സഹസ്രഹസ്ത സംകിര' (അഥർവ്വവേദം 3.2.4.5) എന്ന് വേദം പറയുന്നു. നൂറു കൈകകളാൽ സമ്പാദിച്ച് ആയിരം കൈകളാൽ വിതരണം ചെയ്യൂ എന്നർത്ഥം.

**സംഭാവനകൾ അയക്കേണ്ട വിലാസം:**
**വേദഗുരുകുലം, പണ്ഡിറ്റ് ഗുരുദത്ത് ഭവനം,**
**കാറൽമണ്ണ തപാൽ, പാലക്കാട്-679506**

**OUR BANK DETAILS**

**Account Name: VEDA GURUKULAM, SB A/C No: 4264000100086562**
**PUNJAB NATIONAL BANK, CHERPALCHERY BRANCH, IFSC CODE: PUNB0426400**

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർദളം – ബാലപംക്തി** **ആര്യവീരഗാഥ – 2**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



"ഈശ്വരനറിയാം ഇവർ ആര്യൻമാരല്ല എന്ന് ഈ വിഡ്ഢികളെ സുഖിപ്പിക്കുന്നതിനായി ഞാൻ മൈതാനം വിട്ട് ഓടിപ്പോവുമെന്നു കരുതുന്നുണ്ടോ? ഞാൻ വഴിയമ്പലത്തിൽ പോയി പായ വിരിച്ച് ഇവിടെ തന്നെ തങ്ങും." ഞാൻ ഉച്ചത്തിൽ പൊട്ടിച്ചിരിച്ചുപോയി. പണ്ഡിറ്റ്ജിക്ക് നമസ്തേ പറഞ്ഞു വണ്ടി വിടാൻ പറഞ്ഞു. മാലേർകോട്ലെയിലെ ആര്യസമാജികർ ലജ്ജിതരായി ആര്യപഥികന്റെ (പണ്ഡിറ്റ് ലേഖ്റാം ആര്യപഥികൻ എന്ന പേരിലും അറിയപ്പെട്ടിരുന്നു) കാര്യങ്ങളും വ്യവസ്ഥകളുമൊരുക്കാൻ സന്നദ്ധരായി വന്നു. മലേർകോട്ലെയിൽ നിന്നും മടങ്ങിയ ശേഷം ഏപ്രിൽ 26 ന് റോപഡ് ആര്യസമാജത്തിന്റെ ആഘോഷത്തിൽ പോകുന്നതായി വിവരം കിട്ടി. അവിടെയും അദ്ദേഹത്തിന്റെ രണ്ടു പ്രഭാഷണങ്ങൾ ഉണ്ടായി.

## രക്തസാക്ഷിത്വം

ആര്യപഥികന്റെ ദാർശനിക തലത്തിലുള്ള കടന്നാക്രമണങ്ങളെ ചെറുക്കാനാവാതെ സെമിറ്റിക് മതക്കാരുടെ ആരാധനാ കേന്ദ്രങ്ങൾ വിറച്ചു നിന്നു. മിർജാപ്പൂർ, അമൃത്സർ, ലാഹോർ, ദില്ലി, ബോംബേ എന്നിവിടങ്ങളിൽ അദ്ദേഹത്തിന്റെ പേരിൽ കേസുകൾ കൊടുത്തു. എന്നാൽ ഇവയിൽ ഒരെണ്ണമൊഴികെ മറ്റെല്ലാ കേസുകളും അദ്ദേഹത്തെ വിളിച്ചുവരുത്തുക പോലും ചെയ്യാതെ കോടതികൾ തള്ളിക്കളഞ്ഞു. ഇസ്ലാമിനെ പണ്ഡിറ്റ് ലേഖ്റാം വേരോടെ പിഴുതെറിയുമെന്നും കോടതി വ്യവഹാരങ്ങളിലൂടെ അദ്ദേഹത്തെ തടഞ്ഞുനിർത്താനാവില്ലെന്നും ബോധ്യമായപ്പോൾ ലേഖ്റാമിനെ വകവരുത്താൻ മുസ്ലീങ്ങൾ പദ്ധതി തയ്യാറാക്കാൻ തുടങ്ങി. ഇക്കാര്യത്തെക്കുറിച്ച് ലേഖ്റാമിന് മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും അദ്ദേഹമത് ചെവിക്കൊണ്ടില്ല. ഭയമെന്നാരു വികാരം തന്നെ അദ്ദേഹത്തിനുണ്ടായിരുന്നില്ല.

1897 ഫെബ്രുവരിയിൽ ഒരു യുവാവ് പണ്ഡിറ്റ് ലേഖ്റാമിന്റെ ഗൃഹത്തിൽ വന്നു. ഏകദേശം 25 വയസ്സു തോന്നിക്കുന്ന അയാൾ താൻ രണ്ടു വർഷം മുമ്പു വരെ ഹിന്ദുവായിരുന്നെന്നും ഇപ്പോൾ മുസ്ലീമാക്കി മാറ്റപ്പെട്ടതാണ് എന്ന് പറഞ്ഞ് തനിക്ക് ശുദ്ധി പ്രക്രിയയിലൂടെ ഹിന്ദുവായിത്തീരാൻ ആഗ്രഹമുണ്ടെന്നും പറഞ്ഞു. ലേഖ്റാമിന് അതിയായ സന്തോഷം തോന്നി. ആ യുവാവ് ലേഖ്റാമിനൊപ്പം താമസമാക്കി. എന്നാൽ ഈ യുവാവിന്റെ ശരീര പ്രകൃതിയിലും പെരുമാറ്റത്തിലും സംശയം തോന്നിയ പലരും അദ്ദേഹത്തോട് കരുതിയിരിക്കാൻ പറഞ്ഞു. എന്നാൽ ലേഖ്റാം ഇതൊന്നും കേട്ടില്ല.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**പുസ്തകം : 8** **വൈദിക-ദാർശനിക മാസിക** **ലക്കം 03**

**സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : നഭസ്യ – ഈശ**
**ചാന്ദ്രമാസം : ഭാദ്രപദം – ആശ്വിനം കൊല്ലവർഷം 1195 കന്നി – തുലാം 2019 സെപ്തംബർ**



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവ്സ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാദ്ധ്യയനം | : |
| മുഖവാണി | : 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : 5 |
| മനുസ്മൃതി | : 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : 7 |
| ദ്രൗപദിയും പഞ്ചപതികളും | : 8 |
| ജീവിതം ഒരലയാഴി | : 9 |
| യോഗദർശനം | : 10 |
| അഷ്ടാധ്യായി പ്രവേശിക | : 11 |
| വ്യവഹാര ഭാനുഃ | : 12 |
| വേദങ്ങളെ അറിയുക | : 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | : 14 |



**വിലാസം**
**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:7907077891, 9446017440**
**Email:dayanandasandesam@gmail. com**


## മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



ഇത്തരം ചിന്തകളുടെയെല്ലാം അടിസ്ഥാനം ഈശ്വരൻ ലോകത്തിൽ നിന്നും, ലോകം ഈശ്വരനിൽ നിന്നും വിദൂരമാണെന്ന ഹാസ്യാസ്പദമായ മിഥ്യാധാരണകളാണ്.

ഈ പ്രപഞ്ച സൃഷ്ടിക്കു ശേഷം അനേകം മഹാപുരുഷന്മാർ ഈ ലോകത്ത് ജന്മമെടുത്തിട്ടുണ്ട്. ഭാവിയിലും അനേകം ഋഷിമുനിമാർ ഉണ്ടാവും. ദിവസവും ഋഷിമാരുണ്ടാവുന്നില്ല എന്നത് ഒരു വാസ്തവമാണ്. എന്നാൽ ഭാരതത്തിൽ ജനിച്ച ഋഷിമാരാരും തങ്ങളെ ഈശ്വരൻ അയച്ചതാണെന്ന് അവകാശപ്പെട്ടിട്ടില്ല. ഇപ്പോഴും മധ്യകാലഘട്ടത്തിലും ഉണ്ടായിരുന്ന വ്യാജന്മാരായ പലരും തങ്ങൾ ദൈവദൂതന്മാരാണെന്ന് അവകാശപ്പെട്ടിട്ടുണ്ട് എന്ന കാര്യമിവിടെ മറക്കുന്നില്ല. ഹരിയാനയിലെ രാംപാൽ (ഇപ്പോൾ ഇദ്ദേഹം ജയിലിലാണ്), ബ്രഹ്മാകുമാരി

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

മതക്കാരുടെ സ്ഥാപകൻ തുടങ്ങിയ ഏതാനും പേർ ഇത്തരം പ്രചാരണങ്ങൾ നടത്തിയിട്ടുണ്ട് എന്നത് നേരാണ്. എന്നാൽ അവരെയാരും ഋഷിമാരായി പരിഗണിച്ചിട്ടില്ല.

നമ്മുടെ ഋഷിമാരാരും തങ്ങളുടെ ജനനത്തിനുമുമ്പുള്ള ഈശ്വരീയ ജ്ഞാനത്തേയും നിയമവ്യവസ്ഥകളേയും തള്ളിക്കളഞ്ഞിട്ടില്ല. തങ്ങൾ പുതിയ നിയമം കൊണ്ടുവന്നിരിക്കുന്നുവെന്ന് അവകാശപ്പെട്ടിട്ടുമില്ല. അതേ സമയം നമ്മുടെ ഋഷീശ്വരന്മാർ വേദങ്ങളെ സ്വതഃ പ്രമാണമായി കാണുകയും അത് ഈശ്വരീയ ജ്ഞാനവും ധർമ്മത്തിന്റെ മൂല സ്രോതസ്സും നിത്യജ്ഞാനവുമായി കരുതിയിരുന്നു.

മറ്റു മതങ്ങളെ അപേക്ഷിച്ച് വൈദികമതത്തിന്റെ പ്രത്യേകതയാണിത്. ഈശ്വരന്റെ ഒരു നിയമവും ഉപയോഗശൂന്യമായിപ്പോവില്ലായെന്നത് ഋഷിമാരുടെയെല്ലാം ദൃഢ വിശ്വാസമായിരുന്നു. ഈശ്വരൻ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നില്ല. അത്തരമൊരു നിയമം സർവ്വജ്ഞനായ ഈശ്വരനും ഉണ്ടാക്കാനാവില്ല. എന്നാൽ മനുഷ്യർ അൽപ്പജ്ഞരായതിനാൽ പുതിയ നിയമങ്ങൾ ഉണ്ടാക്കുകയും അവ ലംഘിക്കുകയും മാറ്റങ്ങൾ വരുത്തുകയും ചെയ്യും. മനുഷ്യരുടെ നിയമങ്ങൾക്ക് മാത്രമേ മാറ്റങ്ങളുണ്ടാകൂ.

ജനനരഹിതനായ അനാദിയായ ഈശ്വരന്റെ ഗുണകർമ്മസ്വഭാവങ്ങൾ എപ്പോഴും നിത്യമായിരിക്കും. അദ്ദേഹത്തിന്റെ ജ്ഞാനവും അനാദിയാണ്. അതിനാൽ പുതിയ നിയമങ്ങൾ ഉണ്ടാവുന്നത് എങ്ങനെയാണ്?

1+1=2 ആണ്. അഗ്നി മുകളിലേക്കാണ് കത്തുന്നത്. ജലം താഴ്ന്നിടത്തേക്കാണ് പ്രവഹിക്കുക. ഇതിനൊന്നും ഒരു കാലത്തും മാറ്റമുണ്ടാവില്ല.

മറ്റു മതമതാന്തരങ്ങളിൽ നിന്നു വൈദികധർമ്മത്തെ വ്യത്യസ്തമാക്കുന്നത് ഈശ്വരന്റെ ഇത്തരം ഗുണങ്ങളാണ്. മനുഷ്യർ വസ്ത്രങ്ങൾ, വാഹനങ്ങൾ, വീടുകൾ തുടങ്ങിയ ഭോഗവസ്തുക്കൾ ഇടക്കിടെ മാറ്റാറുണ്ട്. എന്നാൽ മനുഷ്യൻ, പശു, കുതിര, ആന, സിംഹം, സർപ്പം, പുഴു തുടങ്ങിയവർ പണ്ടെങ്ങനെയാണോ ജനിച്ചിരുന്നത് ഇന്നും അതുപോലെയാണവ പിറക്കുന്നത്. ഇവയുടെ രൂപത്തിലും സ്വഭാവത്തിലും മാറ്റം വരുന്നില്ല. ഈശ്വരന്റെ സൃഷ്ടിയായതിനാലാണിങ്ങനെ സംഭവിക്കുന്നത്. ഈശ്വരീയ നിയമങ്ങൾ മാറ്റമില്ലാത്തതാണ്. ഈശ്വരന്റെ എല്ലാ സൃഷ്ടികളും പൂർണ്ണമാണ്. ഇടക്കിടെ പരിഷ്കരിക്കേണ്ടുന്ന ആവശ്യം വരുന്നില്ല. പൂർണ്ണത്തിൻ നിന്നു മാത്രമേ പൂർണ്ണമായത് ഉൽപ്പന്നമാവൂ.

(തുടരും)

പത്രാധിപർ





(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ. എം. രാജൻ

## അദ്ധ്യായം 3 — വേദങ്ങളിൽ സ്ത്രീ

2. രാജാവ് തന്റെ രാജ്യത്തിലെ എല്ലാ സ്ത്രീകളെയും പ്രയത്നത്തിലൂടെ വിദുഷികളാക്കാൻ ശ്രമിക്കണം.(യജുർവേദം 10.70)

3. പണ്ഡിതൻമാരുടെ യോഗ്യത അവർ എല്ലാ കുമാരൻമാരെയും കുമാരിമാരെയും പണ്ഡിതരാക്കി അവർക്ക് എല്ലാ വിദ്യകളുടെയും ഫലത്തെ പ്രാപിക്കാവുന്നവരാക്കുക എന്നതിലാണ് (ഋഗ്വേദം 3.1.23)

4. എത്ര കുമാരിമാരുണ്ടോ അവരെല്ലാം വിദുഷികളിൽ നിന്നും വിദ്യാധ്യയനം നേടി ആ കുമാരികളായ ബ്രഹ്മചാരിണിമാർ ആ വിദുഷികളോട് ഇപ്രകാരം പ്രാർത്ഥിക്കണം "ഞങ്ങളെയെല്ലാം അങ്ങ് വിദ്യ കൊണ്ടും സുശിക്ഷ കൊണ്ടും യുക്തരാക്കിയാലും" (ഋഗ്വേദം 2.41.16)

ഇപ്രകാരം യജുർവേദത്തിലും ഋഗ്വേദത്തിലും സ്ത്രീവിദ്യാഭ്യാസത്തിന് അധികാരം നൽകിയിട്ടുണ്ട്. ഇത്രയൊക്കെയുണ്ടായിട്ടും മദ്ധ്യകാലഘട്ടത്തിൽ സ്ത്രീ സമൂഹത്തെ വിദ്യാധ്യയനത്തിൽ നിന്നും മാറ്റി നിർത്തിയത് കേവലം അത്യാചാരം മാത്രമായിരുന്നില്ല, വേദപ്രചാരണത്തിൽ സാധാരണ ജനങ്ങൾക്കുണ്ടായിരുന്ന അനഭിജ്ഞതയാണിത് സൂചിപ്പിക്കുന്നത്.

**ചോദ്യം 4 : വേദങ്ങൾ സതി സമ്പ്രായത്തെ ന്യായീകരിക്കുന്നുണ്ടോ?**

**ഉത്തരം** : സതി അനുഷ്ഠിക്കാൻ വേദങ്ങളിൽ നിർദ്ദേശിക്കുന്നില്ലെന്ന് 1875 ൽ പൂനയിൽ വെച്ച് മഹർഷി ദയാനന്ദൻ ഒരു പ്രഭാഷണത്തിൽ പറയുകയുണ്ടായിട്ടുണ്ട്. വൈദിക കാലത്തെ ഇതിഹാസങ്ങളിലെവിടെയും സതിയനുഷ്ഠിച്ചതായി പ്രമാണമൊന്നും കാണുന്നില്ല. മഹാഭാരതത്തിൻ പാണ്ഡുവിന്റെ മൃതശരീരത്തോടൊപ്പം മാദ്രി ആത്മഹത്യ ചെയ്യുകയായിരുന്നു. അതിന് സതിയുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. മധ്യകാലഘട്ടത്തിൽ അനാചാരങ്ങൾ പെരുകിയപ്പോൾ സ്ത്രീസമാജത്തിന്റെ ദുർഗ്ഗതി ആരംഭിച്ചു. സതി സമ്പ്രാദയം ആ കാലഘട്ടത്തിൽ ആവിർഭവിച്ചതാണ്.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ചോദ്യം :** സത്യം എല്ലായ്പ്പോഴും പറയുന്നതുകൊണ്ട് ഒരുകാര്യവും നടക്കുകയില്ല. നോക്കൂ. വ്യാപാരത്തിൽ സത്യം മാത്രം പറഞ്ഞാൽ ഒരു പദാർത്ഥവും വിറ്റഴിയില്ല. ജയപരാജയങ്ങൾ ഉള്ള കള്ള സാക്ഷിയെ മുന്നോട്ട് വെച്ചില്ലെങ്കിൽ പരാജയം സംഭവിക്കും. ഇത്തരം കാരണങ്ങളുള്ളതിനാൽ എല്ലായ്പ്പോഴും സത്യഭാഷണം നടത്തുന്നത് എങ്ങനെയാണ്?

**ഉത്തരം :** ഈ ചോദ്യങ്ങൾ മഹാവിഢ്ഢികളുടേതാണ്.

## ലാൽ ബുദ്ധക്കഡന്റെ കഥ

ഒരു ഗ്രാമത്തിൽ ലാൽ ബുദ്ധക്കഡൻ എന്നൊരാൾ ജീവിച്ചിരുന്നു. അഞ്ചുറോളം ആളുകളുണ്ടായിരുന്ന ആ ഗ്രാമത്തിലെ ജനങ്ങൾ അയാളെ മഹാപണ്ഡിതനും ഗുരുവുമായി കരുതിയിരുന്നു. ഒരു രാത്രിയിൽ ഏതോ രാജാവിന്റെ ആന ആ ഗ്രാമത്തിലൂടെ നടന്നു പോയി. ആനയുടെ കാലടയാളം വഴിയിൽ കാണാമായിരുന്നു. അതുകണ്ട് കൃഷിക്കാരായവർ പരസ്പരം ചോദിച്ചു. സഹോദരാ! ഇത് എന്തിന്റേയാണ്? എല്ലാവരും അതു തങ്ങൾക്കറിയില്ല എന്നാണ് പറഞ്ഞത്. അവസാനം എല്ലാവരുടെയും അഭിപ്രായ പ്രാകാരം ലാൽ ബുദ്ധക്കഡനെ വരുത്തി ചോദിച്ചു "താങ്കൾക്കല്ലാതെ മറ്റാർക്കും ഇതിന് ഉത്തരം നല്കാൻ ആവില്ല. പറഞ്ഞാലും. ഇതാരുടെ കാൽപ്പാടുകൾ ആണ്?." ലാൽ ബുദ്ധക്കഡൻ ഉടൻ കരയാനും കുറച്ചുകഴിഞ്ഞ് ചിരിക്കാനും തുടങ്ങി. അപ്പോൾ മറ്റുള്ളവർ ഇതുകണ്ട് എന്താണ് കരയാനും ചിരിക്കാനും കാരണമെന്നു ചോദിച്ചു. ലാൽ ബുദ്ധക്കഡന്റെ മറുപടി ഇങ്ങനെയായിരുന്നു. ഞാൻ മരിച്ചുപോയാൽ ഇത്തരം വിഷയങ്ങൾക്ക് ആർ ഉത്തരം നൽകും എന്നോർത്ത് കരഞ്ഞുപോയതാണ്. ചിരിച്ചതെന്തിനാണെങ്കിൽ ഇതിന്റെ ഉത്തരം വളരെ ലളിതമാണെന്നോർത്തിട്ടാണ്. കേട്ടാലും.

**ലാൽബുദ്ധക്കഡ് ബൂഝിയാ ഓർ നബൂഝാ കോയ്।**
**പഗ് മേം ചക്കീ ബാന്ധ്കേ ഹിർനാ കൂദാ ഹോയ് ॥**

(അർത്ഥം : ലാൽബുത്സക്കഡനല്ലാതെ മറ്റാർക്കും ഇതിനുത്തരം ഉണ്ടാവില്ല. കാലിൽ ഒരു തിരികല്ലും കെട്ടി ഒരു മാൻ ഈ വഴിക്ക് ചാടിപ്പോയതാണ് ഈ കാൽപാടുകൾ – പരിഭാഷകൻ)

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**അദ്ധ്യായം – 3 വേദാനാംനിത്യത്വ വിചാരഃ**

**ഏ**തൊരു ദ്രവ്യമാണോ സംയോഗവിയോഗത്തിൽനിന്ന് വ്യത്യസ്തമായിരിക്കുന്നത് അതിന് ഒരിക്കലും ഉല്പ്പത്തിയോ നാശമോ (വൈ.യ. അച്ചടിച്ച ഗ്രന്ഥത്തിൽ നാശ് ഹോതാ ഹേ എന്നാണ്, ഇപ്രകാരമുള്ള പദാർത്ഥം ഒന്നു പരമേശ്വരനും മറ്റൊന്ന് ജഗത്തിന്റെ കാരണവുമാണ്) ഉണ്ടാകുന്നില്ല. അതിനാൽ ഇത് അപപാഠമാണ്. ഈശ്വരനിൽ സംയോഗവിയോഗമുണ്ടാവുന്നില്ല. എന്തെന്നാൽ അത് അഖണ്ഡവും ഏകരസത്തോട് കൂടിയതുമാണ്. അതിനാൽ അതിനെ 'നിത്യ'മെന്നു പറയുന്നു.

കണാദ മുനിയുടെ സൂത്രവും ഇതിന് പ്രമാണമാണ്. (സദകാര) (വൈ.യ. അച്ചടിച്ചതിൽ സൽക്കാർ എന്നെഴുതിയത് അപപാഠമാണ്). ഏതിന്റെ കാര്യമാണോ കാരണത്തിൽ നിന്ന് ഉൽപ്പന്നമാവുന്നത് അതിനെ അനിത്യമെന്നു പറയുന്നു. (എന്തെന്നാൽ അത് ഉല്പ്പത്തിക്കുമുമ്പ് ആ രൂപത്തിലുണ്ടായിരുന്നില്ല). എങ്ങനെയാണോ മണ്ണുകൊണ്ടുണ്ടാക്കിയ കുടം ഉടഞ്ഞു നഷ്ടമാവുന്നത് (അതായത് അതിന്റെ കാരണമായ മണ്ണ് തദ് രൂപമായിത്തീരുന്നു) അപ്രകാരം പരമേശ്വരന്റെ സാമർത്ഥ്യ കാരണത്താൽ സർവ്വജഗത്തും ഉൽപ്പന്നമായി കാണുന്നു. പിന്നീട് പ്രളയകാലത്ത് സ്ഥൂലാകാരം ഇല്ലാതാകുന്നു. എന്നാലതിന്റെ കാരണരൂപം എപ്പോഴും നിലനിൽക്കുന്നു. ഇതിൽ നിന്ന് എന്തു മനസ്സിലായി? ഏതൊന്നാണോ കാണപ്പെടുന്നത് അതിന്റെ കാരണം ഒന്നുമില്ലയോ അതായത് സ്വയം കാരണരൂപമായത് ഏതാണോ അതിനെ 'നിത്യ' മെന്നു പറയും.

സംയോഗത്താൽ ഉൽപ്പന്നമാവുന്നതിന് നിർമ്മാതാവിന്റെ ആവശ്യം വരുന്നുണ്ട്. എങ്ങനെയെന്നാൽ കർമ്മവും നിയമവും കാര്യവും എപ്പോഴും യഥാക്രമം കർത്താവിനെയും നിയന്താവിനെയും കാരണത്തെയും ആശ്രയിക്കുന്നു. (വൈ.യ.അച്ചടിച്ച ഗ്രന്ഥത്തിൽ 'കാരൺ കോ ഹീ സദാ ജനാത്തേ ഹെ' (കാരണത്തിനു മാത്രമാണ് പ്രാധാന്യം നൽകിയിരിക്കുന്നത്). ഈ കർത്താവിനെയും വല്ലവരും നിർമ്മിച്ചതാവില്ലേ എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അവരോട് ചോദിക്കേണ്ടത് ഇതാണ്. " ആ കർത്താവിന്റെയും കർത്താവിനെ ആരാണ് നിർമ്മിച്ചത്?" ഇത്തരത്തിലുള്ള ചോദ്യങ്ങൾക്ക് യാതൊരു യുക്തിയുമില്ല. ഏതൊന്നിനാണോ യുക്തിയില്ലാത്തത് അതിനെ വ്യവസ്ഥായോഗ്യമായി കാണാനാവില്ല.

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ.എം.രാജൻ

## നന്ദി പ്രകാശനം

**ആ**ർഷസാഹിത്യപ്രചാർ ട്രസ്റ്റിന്റെ സ്ഥാപകനും സഞ്ചാലകനുമായിരുന്ന സ്വർഗ്ഗീയ സേഠ് ദീപ് ചന്ദ് ജി ആര്യയോട് എന്റെ നിസ്സീമമായ നന്ദി ആദ്യം പ്രകാശിപ്പിച്ചുകൊള്ളുന്നു. അദ്ദേഹത്തിന്റെ നിരന്തരമുള്ള പ്രേരണയും പ്രോത്സാഹനവും മനുസ്മൃതിയുടെ ഈ പ്രക്ഷിപ്തങ്ങളെ നിവാരണം ചെയ്യാനുള്ള ഗവേഷണകാര്യത്തിന് തുടക്കവും പൂർത്തിയും നേടിത്തന്നു. ഈ ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പിന്റെ പ്രകാശനഭാരം അദ്ദേഹം തന്റെ സ്വന്തം ചുമലിൽ ഏറ്റെടുത്തു. പ്രക്ഷിപ്തങ്ങളെ കണ്ടെത്താനുള്ള അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും മാർഗ്ഗദർശനവും ഈ കാര്യത്തെ കൂടുതൽ പരിഷ്കരിക്കുന്നതിന് ഏറെ സഹായിച്ചു. ഇതിനും ഞാനദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു.

സേഠ്ജിയുടെ പുത്രനും ആർഷസാഹിത്യപ്രാചര ട്രസ്റ്റിന്റെ ഇപ്പോഴത്തെ സഞ്ചാലകനുമായ ശ്രീ. ധർമ്മപാൽ ആര്യ ജി ഈ പുതിയ പതിപ്പിന്റെ പ്രകാശനത്തിന് ഏറെ താൽപര്യവും ഉത്സാഹവും പരിശ്രമവും വിവേകപൂർണ്ണം നൽകി. അദ്ദേഹത്തിന്റെ സഹകരണത്താൽ ഈ പതിപ്പ് എല്ലാ തരത്തിലും മെച്ചപ്പെട്ടതാക്കി തീർക്കാനായി. അതിനാൽ ഞാനദ്ദേഹത്തോട് ഹാർദ്ദമായ കൃതജ്ഞത പ്രകടിപ്പിക്കുന്നു. സ്വർഗ്ഗീയ പണ്ഡിറ്റ് സുദർശൻ ദേവ് ജി ആചാര്യ ഈ കാര്യത്തിന് പ്രേരണയും സമയാസമയങ്ങളിൽ ഉചിതമായ നിർദ്ദേശങ്ങളും നൽകി. ഈ രണ്ടു പണ്ഡിതന്മാർക്കും ഞാൻ നന്ദി പ്രകാശിപ്പിക്കുന്നു. ഇതോടൊപ്പം എന്റെ ധർമ്മപത്നി ശ്രീമതി കമലാശാസ്ത്രിയോടും എന്റെ കൃതജ്ഞത പ്രകടിപ്പിക്കുകയാണ്. വീട്ടുകാര്യങ്ങൾ നടത്തുന്ന വ്യവസ്ഥകളെല്ലാം അവർ സ്വയം നടത്തി എനിക്ക് കൂടുതൽ സമയം ഈ ഗവേഷണ പ്രവർത്തനത്തിന് നൽകി സഹായിച്ചു. എഴുത്തുകാര്യത്തിലും യഥാശക്തി സഹായങ്ങൾ നൽകി. ശ്രീ.വിരജാനന്ദ് ജി ദൈവകരണി ഈ പതിപ്പിന്റെ പ്രൂഫ് പരിശോധിക്കുന്നതിനോടൊപ്പം ഉപയോഗ പ്രദമായ നിർദ്ദേശങ്ങളും നൽകി. ഇതിന്റെ ടൈപ്പ് സെറ്റിംഗ് ശ്രീ. മഹേന്ദ്ര ആര്യ വളരെ പരിശ്രമപൂർവ്വം ചെയ്തു തന്നു. ഈ രണ്ടുപേർക്കും നന്ദി പറയുന്നു.

## വായനക്കാരോടുള്ള നിവേദനം

മനുസ്മൃതിയിലെ പ്രക്ഷിപ്തങ്ങളെ കണ്ടെത്താനും ഗവേഷണത്തിനുമുള്ള കാര്യം ഞാൻ ഏതാനും നിശ്ചിത സാഹിത്യമാനദണ്ഡങ്ങളോടെയാണ് ചെയ്തത്.

(തുടരും)

*സാ പ്രഥമാ സംസ്കൃതിർ വിശ്വവാരാ (യജുർവേദം 7.14)*
*നാം ഈ വിശ്വത്തിന്റെ പ്രഥമ സംസ്കൃതി വാഹകരാണ്*







# അഷ്ടാധ്യായി പ്രവേശിക

ആചാര്യ ബൽദേവ് നൈഷ്ഠിക്
തർജ്ജമ: ബ്രഹ്മചാരി വിഷ്ണു ആര്യ

(പാണിനി മഹർഷിയുടെ അഷ്ടാദ്ധ്യായിയെ സരളമായി സാധാരണക്കാർക്കുപോലും മനസ്സിലാവുന്ന രീതിയിൽ ആചാര്യ ബൽദേവ് നൈഷ്ഠിക്ക് ഹിന്ദിയിൽ എഴുതിയ അഷ്ടാദ്ധ്യായി പ്രവേശിക എന്ന പുസ്തുകത്തിന്റെ മലയാള തർജ്ജമയാണിത്. ഉടൻ ഒരു പുസ്തകമായി പ്രസിദ്ധീകരിക്കുന്ന ഇതിന്റെ ഏതാനും ഭാഗങ്ങൾ ഖണ്ഡശഃയായി പ്രസിദ്ധീകരിക്കുന്നു.

– പത്രാധിപർ)

**ഓം സ്വസ്തി ന ഇന്ദ്രോ വൃദ്ധശ്രവാഃ സ്വസ്തി നഃ പൂഷാ വിശ്വവേദാഃ**
**സ്വസ്തി നസ്താർക്ഷ്യോ അരിഷ്ടനേമിഃ സ്വസ്തിനോ ബൃഹസ്പതിദധാതു**
(യജുർവേദം 25.19)

## അഷ്ടാദ്ധ്യായി പ്രവേശിക

### പ്രഥമ പ്രകരണം

### സാമാന്യ പ്രകരണം

**ചോദ്യം : ഏതിനെയാണ് അഷ്ടാദ്ധ്യയി എന്നു വിളിക്കുന്നത്?**

**ഉത്തരം** : എട്ട് അദ്ധ്യായങ്ങളുള്ള ഗ്രന്ഥത്തെയാണ് അഷ്ടാദ്ധ്യായി എന്നു വിളിക്കുന്നത് .

**ചോദ്യം : അഷ്ടാദ്ധ്യായിയിൽ എന്താണ് ഉള്ളത് ?**

**ഉത്തരം : വ്യാകരണത്തിന്റെ സൂത്രങ്ങളാണ് അഷ്ടാദ്ധ്യായിയിലുള്ളത്.**

**ചോദ്യം : വ്യാകരണമെന്നു വിളിക്കുന്നത് ഏതിനെയാണ്?**

**ഉത്തരം** : ഏതുകൊണ്ടാണോ ശബ്ദം ശുദ്ധീകരിക്കുന്നത് അതിനെ വ്യാകരണം എന്നു വിളിക്കുന്നു. വ്യാകരണത്തിന്റെ ജ്ഞാനമില്ലാതെ വിദ്യാർത്ഥി അച്ചടിപിശകുകൾ മുതലായ തെറ്റുകളുടെ കാരണത്താൽ പുസ്തകത്തിൽ എഴുതിയിട്ടുള്ള തെറ്റായ ശബ്ദത്തെയും ശരിയായി സ്വീകരിക്കുന്നു. അതുപോലെ ആ ശബ്ദത്തെ പത്രാദികളിൽ എഴുതിക്കൊണ്ടോ അഥവാ പണ്ഡിതന്മാരുടെ മുമ്പിൽ പറഞ്ഞുകൊണ്ടോ ഉപഹാസത്തിന്റെ പാത്രമാവുന്നു. അതിനാൽ വ്യാകരണം അവശ്യം പഠിക്കേണ്ടതാണ്

**ചോദ്യം : ഏതിനെയാണ് സൂത്രം എന്നു പറയുന്നത്?**

**ഉത്തരം** : സംക്ഷിപ്ത നിയമത്തെയാണ് സൂത്രം എന്നു പറയുന്നത്. വ്യാകരണത്തിന്റെ സൂക്ഷ്മനിയമത്തെ വ്യാകരണത്തിന്റെ സൂത്രം എന്നു പറയുന്നു.

**ചോദ്യം : അഷ്ടാദ്ധ്യായി രചിച്ചതാരാണ് ?**

**ഉത്തരം** : പരോപകാരപ്രിയനും അതുപോലെ സകല ശാസ്ത്രങ്ങളുടെ ജ്ഞാതാവുമായ മഹർഷി പാണിനിയാണ് അഷ്ടാദ്ധ്യായി രചിച്ചത്.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

**അവതരണിക – തസ്യ ലക്ഷണാഭിധിൽസയേദം സൂത്രം പ്രവവൃത്തേ –**

**അർത്ഥം:** ആ യോഗത്തിന്റെ ലക്ഷണം കാണുന്നതിനുള്ള ഇച്ഛമൂലം ഈ സൂത്രം വെളിവായി.

**യോഗശ്ചിത്തവൃത്തിനിരോധഃ||2||**

**ശബ്ദാർത്ഥം:** ചിത്തത്തിന്റെ വൃത്തികളുടെ നിരോധം തടഞ്ഞുനിർത്തുന്നതിനെ യോഗം അഥവാ സമാധി എന്നറിയുക.

**വ്യാസഭാഷ്യം:** സർവ്വശബ്ദഗ്രഹണാൽസംപ്രജ്ഞാതോ പി/യോഗ ഇത്യാഖ്യായതെ ചിത്തം ഹി പ്രഖ്യാവൃത്തി സ്ഥിതി ശീലത്വാ ത്രിഗുണമ് ||

പ്രഖ്യാരൂപം ഹി ചിത്തസത്വം രജസ്തമോഭ്യാം സംസൃഷ്ടമൈശ്വര്യവിഷയപ്രിയം ഭവതി ത്ദേവ തമസാനുവിദ്ധമധർമ്മജ്ഞാനവൈരാഗ്യാനൈശ്വര്യോപഗം ഭവതി തദ്ദേവ പ്രക്ഷീണമോഹാവരണം സർവ്വതഃ പ്രദ്യോതമാനമനുവിദ്ധം രജോ മാത്രയാ ധർമ്മജ്ഞാനവൈരാഗ്യൈശ്വര്യോപഗം ഭവതി|

തദേവ രജോ ലേശമലാപേതം സ്വരൂപപ്രതിഷ്ഠം സത്വപുരുഷാന്യതാഖ്യാതിമാത്രം ധർമ്മമേധ്യാനോപഗം ഭവതി | തൽപരം പ്രസംഖ്യാനമിത്യാചക്ഷതെ ധ്യായിനഃ | ചിതിശക്തിരപരിണാമിന്യപ്രതിസംക്രമാ ദർശിതവിഷയാ ശുദ്ധാ ചാനന്താ ച, സത്വഗുണാത്മികാ ചേയമതോ വിപരീതാ വിവേകഖ്യാതിരിതി | അതസ്തസ്യാം വിരക്തം ചിത്തം താമപി ഖ്യാതിം നിരുണദ്ധി| തദവസ്ഥം സംസ്കാരോപഗം ഭവതി|സ നിർബീജഃ സമാധിഃ|ന തത്ര കിഞ്ചിതസംപ്രജ്ഞായത ഇത്യസംപ്രജ്ഞാതഃ | ദ്വിവിധഃ സയോഗശ്ചിത്തവൃത്തിനിരോധ ഇതി ||2||

**വ്യാസഭാഷ്യം തർജ്ജമഃ –** സൂത്രത്തിലെ 'സർവ്വ'ശബ്ദം ഗ്രഹിക്കാത്തതു മൂലം 'സംപ്രജ്ഞാത സമാധി'യേയും യോഗമെന്നു പറയുന്നു. ചിത്തത്തിന് മൂന്നു പ്രകാരത്തിലുള്ള സ്വഭാവമുണ്ട്. പ്രകാശശീലം, ഗതിശീലം, സ്ഥിതി ശീലം എന്നിവയാണവ. അതിനാലിത് ത്രിഗുണാത്മകമാണ്.

പ്രകാശശീല ചിത്തം സത്വം, രജസ്, തമസ് എന്നിവയാൽ കൂടിച്ചേർന്ന് ഐശ്വര്യത്തിന്റെയും വിഷയത്തിന്റെയും ആഗ്രഹമുള്ളതായിത്തീരുന്നു. ആ ചിത്തം തമോഗുണവുമായി ബന്ധത്തിൽ വരുമ്പോൾ അധർമ്മം, അജ്ഞാനം, അവൈരാഗ്യം (വിഷയാസ്കതി- പരിഭാഷകൻ) അനൈശ്വര്യം എന്നിവയെ പ്രാപിക്കുന്നു.

**(തുടരും)**

| |
|---|
| *ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)* |
| *അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും* |





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 3** — **പൗരാണിക ആഖ്യാനങ്ങളുടെ അനുക്രമണിക**

**അ**ഘാസുരവധം, ബ്രഹ്മാവിന്റെ മോഹത്തിന്റെ കഥ, ധേനുകാസുരവധം, കാളിയമർദ്ദനം, പ്രലംബാസുര വധം, ദാവാനലത്തിൽ ഗോപൻമാരെ രക്ഷിക്കൽ, ഗോവർദ്ധനോദ്ധാരണം, ശംഖചൂഡകഥ, അരിഷ്ടാസുരവധം, കംസവധം, രുക്മീണീ സ്വയംവരം, ശംബരാസുരവധം, ജാംബവതി, സത്യഭാമ എന്നിവരുമായുള്ള വിവാഹം, ശ്രീകൃഷ്ണന്റെ മറ്റു നിരവധി വിവാഹങ്ങളുടെ കഥകൾ, ഉഷ – അനിരുദ്ധൻമാരുടെ കഥ, നൃഗരാജാവിന്റെ കഥ, സാംബന്റെ വിവാഹകഥ, ജരാസന്ധവധം, ശിശുപാല വധം, സുദാമാവിന്റെ കഥ (സ്കന്ധം 10) അവധൂതോപാഖ്യാനം, യദുവംശത്തിന്റെ നാശം, ശ്രീകൃഷ്ണന്റെ സ്വർഗ്ഗാരോഹണം (സ്കന്ധം 11), മാർക്കാണ്ഡേയാഖ്യാനം (സ്കന്ധം 12).

6. **നാരദപുരാണം** (പൂർവ്വഖണ്ഡം 125 അദ്ധ്യായങ്ങൾ, ഉത്തരഖണ്ഡം 82 അദ്ധ്യായങ്ങൾ)

ഈ പുരാണത്തിൽ തിഥികളുടെയും നക്ഷത്രങ്ങളുടെയും അനേകം മാഹാത്മ്യം, ദേവതകളുടെ യോഗം, ധർമ്മാചാരം, വേദാംഗങ്ങൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. ഗംഗാവതരണ കഥയും ധർമ്മാഖ്യാനവും പ്രത്യേകം എടുത്തു പറയേണ്ടതാണ്.

7. **മാർക്കാണ്ഡേയ പുരാണം (137 അദ്ധ്യായങ്ങൾ)**

ഇഷ്വാകു ചരിതം, തുളസീചരിതം, രാമ കഥ , നഹുഷകഥ, യയാതിയുടെ കഥ, അഗ്നി, സൂര്യൻ തുടങ്ങിയ വൈദിക ദേവതകളുടെ ആഖ്യാനം, ഹരിചന്ദ്രാഖ്യാനം, ദത്താത്രേയ അവതാര കഥ, മദാലസ, ഋതുധ്വജൻ, അളർക്കൻ എന്നിവരുടെ ആഖ്യാനങ്ങൾ (അദ്ധ്യായം 44 വരെ), ദുർഗ്ഗാ സപ്തശതി (ഭഗവതിയുടെ ചരിതം 41–92 വരെയുള്ള അദ്ധ്യായങ്ങൾ), നാഭാഗൻ കരംധമൻ, മരുത്ത്, നരിഷ്യന്ത് തുടങ്ങിയ മഹാപുരുഷൻമാരുടെ ചരിത്രം, ശ്രീകൃഷ്ണ ചരിതം, മാർക്കാ–ണ്ഡേയ ചരിതം (93 മുതൽ 137 വരെയുള്ള അദ്ധ്യായങ്ങൾ)

8. **അഗ്നി പുരാണം (383 അദ്ധ്യയങ്ങൾ)**

മൽസ്യം, കൂർമ്മം, വരാഹം തുടങ്ങിയ അവതാരങ്ങളുടെ വർണ്ണന, രാമായണ കഥ , ശ്രീകൃഷ്ണ ചരിതം, മഹാഭാരതാഖ്യാനം, ബുദ്ധന്റെയും കൽക്കിയുടെയും അവതാരം, ശാസ്ത്ര ജ്ഞാനത്തെക്കുറിച്ചുള്ള വിശദമായ വിവരണം, അഗ്നേയേഹി പുരാണോ/സ്മിൻ സർവ്വം വിദ്യാഃ പ്രതിഷ്ഠിതാഃ
എന്ന സ്തുതി വാക്യത്തിന്റെ യാഥാർത്ഥ്യം.

**(തുടരും)**

| |
|---|
| *മാ സ്രോധത (ഋഗ്വേദം 6.32.9)* |
| *ഹിംസ ചെയ്യാതിരിക്കൂ* |



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ: കെ.എം.രാജൻ

"**എ**ന്റെ ഈ വാക്കുകൾ നിനക്ക് ഇഷ്ട്ടപ്പെട്ടുവെങ്കിൽ നീ നിന്റെ പുത്രൻമാരുമൊത്ത് പാഞ്ചാല ദേശത്തേക്ക് തീർച്ചയായും പോകു. അല്ലയോ തപോധനേ! പാഞ്ചാലദേശം എന്നും സുഭിക്ഷമാണ്. യജ്ഞസേന രാജാവ് സത്യത്തിൽ അടിയുറച്ചു നിൽക്കുന്നതോടൊപ്പം ബ്രാഹ്മണരുടെ വലിയ ഭക്തനുമാണ്. അവിടെയുള്ള നഗരവാസികളും ബ്രാഹ്മണരോട് തികഞ്ഞ ശ്രദ്ധ വെച്ചുപുലർത്തുന്നവരാണ്."

"ആ നഗരത്തിലെ ബ്രാഹ്മണരും അതിഥികളോട് ഏറെ സ്നേഹം പുലർത്തുന്നവരാണ്. പ്രതിദിനം ആവശ്യപ്പെടാതെ പോലും സദ്യകൾ ഒരുക്കി നൽകുന്നവരാണ്. ഞാനും എന്റെ ശിഷ്യന്മാരുമൊത്ത് അവിടേക്ക് പോകുന്നുണ്ട്."

"അല്ലയോ ബ്രാഹ്മണീ! നിനക്കിത് ശരിക്കും മനസ്സിലായി എങ്കിൽ നീയും പോയാലും. നമുക്കെല്ലാം ചേർന്ന് ഒന്നിച്ചങ്ങോട്ട് പോകാം പൂർണ്ണ വിവരണം അറിയാൻ മഹാഭാരതം ആദിപർവ്വം 166 ാ-മത്തെ അദ്ധ്യായത്തിലെ 86 മുതൽ 94 വരെയുള്ള ശ്ലോകങ്ങൾ നോക്കുക."

പാണ്ഡവരുമൊത്ത് കുന്തീദേവി പാഞ്ചാലദേശത്തേക്ക് പുറപ്പെടുന്നു.

**തത : കുന്തീ ഭീമസേന അർജ്ജുന യമജൗ തഥാ|**
**ഉവാച ഗമനം തേ ച, തഥേത്യേവാബ്രുവം സദാ||**
**തത ആമഞ്ജ്യ തം വിപ്രം, കുന്തീ രാജൻ സുതൈഃ സഹ**
**പ്രതസ്ഥേ നഗരീ രമ്യാം, ദ്രുപദസ്യ മഹാത്മനഃ||**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 197 ശ്ലോകം 10, 11 )

**ഭാവാർത്ഥം** : അപ്പോൾ കുന്തീദേവി ഭീമസേനൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ എന്നിവരോടും പോകുന്നതിനെക്കുറിച്ചു ചോദിച്ചു. അവരെല്ലാം അങ്ങനെയാവട്ടെ എന്നു പറഞ്ഞു.

2. പുത്രൻമാരുടെ സമ്മതം കിട്ടിയപ്പോൾ കുന്തി ആ ബ്രാഹ്മണ ദേവതയോട് വിടചൊല്ലി തന്റെ പുത്രൻമാരുമൊത്ത് മഹാത്മാ ദ്രുപദന്റെ രമണീയമായ ആ നഗരത്തിലേക്ക് പുറപ്പെടാനൊരുങ്ങി. ഇതിൽ നിന്നും മനസ്സിലാവുന്നത് തന്റെ പുത്രൻമാർ സ്വയംവരത്തിനായി പോവുകയാണെന്ന് കുന്തീദേവിക്ക് അറിയാമായിരുന്നുവെന്നാണ്.

(തുടരും)

***യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)***
***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം –5



"**അഃ** , ഒന്നു പറയാൻ വിട്ടുപോയി. നടന്നു പോകുമ്പോൾ വഴിക്ക് ന്യൂഡൽഹിക്ക് സുമാർ രണ്ടുനാഴികക്കപ്പുറം മിലിട്ടറി ക്യാമ്പുണ്ട്. അവിടെ അതിർത്തി ലംഘിച്ചുപോകരുത്. കുറച്ചുവിട്ട് ഒരു റോഡുണ്ട് അതിലൂടെയേ പോകാവു. വൈകുന്നേരം ഓഫീസ് സമയം കഴിയുംമുമ്പ് അതായത് അഞ്ചുമണിക്ക് മുമ്പ് അവിടെ എത്തണമെന്നുകൂടി ഓർമ്മിപ്പിക്കുന്നു. എന്നാൽ കാര്യങ്ങളെല്ലാം ശരിപ്പെടും. ഇപ്പോൾ വേഷം കൊണ്ടു പണ്ഡിറ്റായ നിങ്ങൾ വിദ്യ കൊണ്ടും പണ്ഡിറ്റായി കാണാനും സമ്പർക്കം പുലർത്താനും ലോകർക്കേവർക്കും സാധിക്കുമാറാകട്ടെ". രാമകൃഷ്ണൻ ആത്മാർത്ഥതയുള്ള ഒരദ്ധ്യാപകനെപ്പോലെ വിവരിച്ചു കൊടുത്തു.

നേരം നോക്കിയപ്പോൾ മണി അഞ്ചു കഴിഞ്ഞിരിക്കുന്നു. ധൃതിയിൽ ഹോട്ടലിൽ പോയി സാമാനങ്ങൾ എല്ലാം കെട്ടി ഹോട്ടലുടമയോട് അദ്ദേഹം ചെയ്തു തന്ന സേവനത്തിന് സവിനയാദരങ്ങളോടെ അദ്ദേഹത്തോടും ബോംബെ നഗരത്തോടും നന്ദി രേഖപ്പെടുത്തി റെയിൽവേ സ്റ്റേഷനിലേക്ക് നടക്കുമ്പോൾ പാച്ചൻ ചിന്താധീനനായിരുന്നു.

സ്റ്റേഷനിലെത്തിയപ്പോൾ 15 രൂപ പേഴ്സിൽ നിന്നെടുത്ത് രാമകൃഷ്ണന്റെ നേരെ നീട്ടി അദ്ദേഹമതു വാങ്ങി ഓൾഡ് ഡൽഹിക്കുള്ള ഒരു മൂന്നാം ക്ലാസ് ടിക്കറ്റ് കൊണ്ടുവന്ന് പാച്ചനെ ഏൽപ്പിച്ചു. രണ്ടു പേരും വണ്ടി വരുന്ന പ്ലാറ്റ്ഫോറം നോക്കി അകത്തു കടന്ന് ആതിഥേയരെന്ന പോലെ വണ്ടിയും കാത്ത് ഒരു ബഞ്ചിൻമേൽ ആസനസ്ഥരായി

പാച്ചൻ ഭാവി ചിന്തയിലാണ്ടു. ശ്രീകൃഷ്ണ ഭഗവാന്റെ സ്വർഗ്ഗാരോഹണാനന്തരം അർജ്ജുന സമാനം വിഷാദവദനനായി പാച്ചൻ ചക്രവാളാന്തരീക്ഷത്തിൽ കണ്ണും നട്ടിരിപ്പായി.

സൃഷ്ടികർത്താവേൽപ്പിച്ച ഉത്തരവാദിത്വമേറിയ കാര്യങ്ങളെല്ലാം നിഷ്കാമിയായി, കൃത്യനിഷ്ഠയോടെയും സത്യസന്ധതയോടെയും നിർവ്വഹിച്ച് കൃതകൃത്യനായി കുളിച്ച് വിശ്രമാർത്ഥം ചക്രവാള ഗോപുരം കടക്കാൻ ഉദ്യമിക്കുന്ന ചിത്രകലങ്കൻ പകലീശൻ ചെങ്കതിർതൂലികകളാൽ അന്തരാളഭിത്തിമേൽ രജോഗുണ വർണചെഞ്ചായം പൂശി, അനുകൂല-പ്രതികൂലങ്ങളായ ആയിരമായിരം എണ്ണിയാൽ തീരാത്തത്ര ചിത്രങ്ങൾ വരച്ച് അനുകൂല പ്രതികൂലങ്ങളെ വേണ്ടവിധം കൂട്ടിയിണക്കിയാൽ ഒന്നു മറ്റേതിന്റെ പൂരകമാവുമെന്ന തത്ത്വം പഠിപ്പിക്കുകയാണെന്നു തോന്നി.

(തുടരും)

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***